<u>ക്രമപ്രശ്നം</u>

<u>ചട്ടങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച്</u>

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : സർ, കേരള പോലീസ് ആക്ട്, 1960-കളിലുള്ള പ്രിൻസിപ്പൽ ആക്ടിനെ അടിസ്ഥാനമാക്കി ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഒരു നിയമസഭാ കമ്മിറ്റി രൂപീകരിച്ച് വളരെ സമഗ്രമായി 2011-ൽ പോലീസ് ആക്ട് വരികയുണ്ടായി. ഈ ആക്ടിലാണ് പോലീസിന്റെ ഘടന, കർത്തവ്യങ്ങൾ, ചുമതല, ചെറിയ കുറ്റങ്ങൾ, ശിക്ഷ, പെറ്റിക്കേസ്സുകൾ, പബ്ലിക് ഓർഡർ, ഹെൽത്ത് ഇതുമായി ബന്ധപ്പെട്ടതൊക്കെ വരുന്നത്. ഈ ആക്ട് കാര്യമായി പ്രവർത്തിക്കണമെങ്കിൽ ഇതിന് ചട്ടങ്ങൾ ആവശ്യമാണ്. ഏഴ് വർഷം കഴിഞ്ഞിട്ടും ഇതിന് ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല. ഇന്ന് ഇത് വളരെ പ്രസക്തമാകുകയാണ്. ഈ ആക്ടിലെ 99-ാം വകുപ്പ് പറയുന്നത് വ്യക്തിപരമായ ദാസ്യവൃത്തി നിരോധിക്കുന്നു എന്നാണ്. "പോലീസ് സേനയുടെ അന്തസ്സിന് നിരക്കാത്തതും തരംതാഴ്ന്നതുമായ രീതിയിൽ മറ്റൊരാളുടെ വ്യക്തിപരമായ ആവശ്യാനുസരണം ദാസ്യവൃത്തി ചെയ്യാൻ ഒരു പോലീസ് ഉദ്യോഗസ്ഥനോട് ആവശ്യപ്പെടാനോ അയാളെ അതിന് നിർബന്ധിക്കാനോ പാടില്ലാത്തതാണ്" എന്ന് വളരെ

കൃത്യമായി 99-ാം വകുപ്പിൽ പറയുകയാണ്. പക്ഷേ, ഇവിടെ ഇന്ന് നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങൾ, ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. മേലുദ്യോഗസ്ഥന് മീൻ വാങ്ങണം, കുട്ടികളെ കുളിപ്പിക്കണം, എന്തിന് പട്ടിയെപ്പോലും കുളിപ്പിക്കുന്ന സ്ഥിതിയെ സംബന്ധിച്ച വാർത്തകൾ ഇന്ന് വന്നുകൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് കൃത്യമായ നിർദ്ദേശങ്ങളില്ലാത്തത് ഇതിന്റെ പ്രശ്നമാണ്. വ്യക്തിപരമായ ദാസ്യവൃത്തി.., മുഖ്യമന്ത്രി അതിന് ചില നടപടികളൊക്കെ സ്വീകരിച്ചെങ്കിലും ഇവിടെ ചട്ടങ്ങളുടെ അഭാവം നിഴലിക്കുകയാണ്. അതുപോലെ പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ബോർഡിനെക്കുറിച്ച് 2011-ലെ ആക്ടിൽ പറയുന്നുണ്ട്. ഇതുവരെ അങ്ങനെയൊരു ബോർഡ് ഉണ്ടാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഒരു കരട് ചട്ടം ഉണ്ടാക്കിയിട്ടുണ്ട്, അതിൽ പോലീസ് അസോസിയേഷന്റെ പ്രവർത്തനങ്ങൾക്ക് കൃത്യമായ നിബന്ധനകളുണ്ട്, ഞാൻ ഇവിടെ ഒരു ചർച്ചയിൽ സൂചിപ്പിച്ചതാണ്, റെഡ് വോളന്റിയർമാരെപ്പോലെ പോലീസ് അസോസിയേഷൻ പ്രവർത്തകർ സമ്മേളനവുമായി ബന്ധപ്പെട്ട് പെരുമാറിയത്. ഞങ്ങൾക്ക് അതിൽ വാദമില്ല. ചുവപ്പ് യൂണിഫോമിട്ടതുപോലെ പച്ച യൂണിഫോമിട്ട പോലീസ് ഉണ്ടാകണമെന്നല്ല പറയുന്നത്. പോലീസ്

അസോസിയേഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദാംശങ്ങൾ വരേണ്ടത് ചട്ടങ്ങളിലാണ്, എന്നാൽ ചട്ടം ഇല്ല. ചട്ടം ഉണ്ടാക്കാനുള്ള അധികാരം സെക്ഷൻ 129 പ്രദാനം ചെയ്യുന്നുണ്ട്, വൈഷമ്യങ്ങൾ ദൂരീകരിക്കാനുള്ളത് 130-ൽ പറയുന്നുണ്ട്. പോലീസ് കംപ്ലെയിന്റ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കും ട്രാഫിക് റെഗുലേറ്ററി കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്കും ഒഫൻസുകൾ കോംപൗണ്ട് ചെയ്യുന്നതിനും റൂൾസ് വേണം. റൂൾസ് ഇല്ലാത്തത് ഒരു പ്രശ്നമാണ്. പ്രധാനമായും ഇന്നത്തെ ഈ രണ്ട് വിഷയങ്ങൾ പത്രങ്ങളിലൊക്കെ ഉയർന്നുവന്നിട്ടുണ്ട്, 'ഏഴ് വർഷമായിട്ടും ചട്ടങ്ങളില്ല', 'നോക്കുകുത്തിയായി പോലീസ് നിയമം' എന്ന രീതിയിൽ ആക്ഷേപങ്ങൾ വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ പോലീസ് ആക്ടിന് ചട്ടങ്ങളുണ്ടാക്കാനുള്ള അടിയന്തര നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം ഞാൻ അവതരിപ്പിച്ച ചില കാര്യങ്ങൾക്ക് ചട്ടങ്ങളില്ലെന്ന് പറഞ്ഞപ്പോൾ ഒരു മാസംകൊണ്ട് ചട്ടം മേശപ്പുറത്ത് വയ്ക്കണമെന്നുപോലും അങ്ങ് മുൻപ് നിർദ്ദേശിച്ചിട്ട് ഇതുവരെയും, എ.പി.ജെ. അബ്ദുൽ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടേതുൾപ്പെടെ റൂൾസ് ഇതുവരെയും വച്ചിട്ടില്ലന്ന കാര്യം കൂടി ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ

ശ്രദ്ധയിൽപ്പെടുത്തുന്നു.

മി. സ്പീക്കർ: അക്കാര്യം പ്രത്യേകം പരിഗണിക്കാം. ഇതിനോടൊപ്പം വേണ്ട.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 2011-ൽ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്താണ് കേരള പോലീസ് ആക്ട് നിലവിൽ വന്നത്. പോലീസ് നിയമത്തിനനുസൃതമായി ചട്ടങ്ങൾ രൂപീകരിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിയുടെ കീഴിൽ ഒരു വിദഗ്ദ്ധ സമിതി രൂപികരിച്ചിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനു മുമ്പുള്ള അഞ്ചു വർഷക്കാലവും പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനം ഫലപ്രാപ്തിയിലെത്തിയിരുന്നില്ല. നിയമസഭാ സമിതിയുടെ ശിപാർശകൾ കൂടി കണക്കിലെടുത്ത്, പോലീസ് ആക്ടിന് അനുസൃതമായി ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള കരട് ചട്ടം നിയമ വകുപ്പിന്റെ പരിശോധനയിലാണ്. നിയമസഭ പാസ്സാക്കിയ വിവിധ ആക്ടുകൾക്ക് അനുസൃതമായ ചട്ടങ്ങൾ രൂപീകരിക്കുന്ന കാര്യത്തിലുണ്ടാകുന്ന കാലതാമസം സംബന്ധിച്ച്, 28.05.2018 -ന് എല്ലാ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും യോഗം ചേരുകയും, മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിലയിരുത്തൽ നടത്തുകയും ചെയ്തിട്ടുണ്ട്.

പോലീസ് ആക്ടിനെ സംബന്ധിച്ച് ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പരമാവധി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം പ്രസ്തുത യോഗത്തിൽ നല്കിയിട്ടുണ്ട്. മാത്രമല്ല, ഇനിയുള്ള ബില്ലുകൾ സഭയിൽ വരുമ്പോൾ, ബില്ലുകൾ തയ്യാറാക്കുമ്പോൾ തന്നെ ചട്ടങ്ങൾ കൂടി തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അതിനനുസൃതമായി നമ്മൾ ഈ സമ്മേളനത്തിൽ ചർച്ച ചെയ്യുന്ന ഒരു ബില്ലിന്റെ ചട്ടം റെഡിയായതായി അന്വേഷിച്ചപ്പോൾ തന്നെ അറിയാൻ കഴിഞ്ഞു. ചട്ടങ്ങൾ ആക്ടിനോടൊപ്പം തന്നെ വരണമെന്ന കാര്യത്തിൽ സർക്കാർ നല്ല നിർബന്ധത്തിലാണ്.